**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1364** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2017-18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള, ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്, പരവൂർ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ 2017-18 വർഷത്തെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള ചിറക്കര ഗവൺമെന്റ് എച്ച് .എസിന്റെയും, പരവൂർ ജി.എച്ച്.എസ്.എസിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്.പി.വിയായി കിലയെയാണ് നിലവിൽ ചുമതലപ്പെടുത്തിയിരിക്കുന്നത്. ചിറക്കര ഗവൺമെന്റ് എച്ച്.എസിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരവൂർ ജി.എച്ച്.എസ്.എസിന്റെ ഡി.പി.ആർ പുന.പരിശോധിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. |
| (ബി) | പ്രസ്തുത സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ കാലതാമസം പരിഗണിച്ച് തുടർനടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂളുകളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്തു കൊണ്ട് നടത്തിയ യോഗത്തിൽ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എസ്.പി.വികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ